(ബി) മരിച്ചവരുടെ ആശ്രിതർക്ക് 5,000 രൂപ വീതവും ചികിൽസയിൽ കഴിയുന്നവർക്ക് 1,500 രൂപ വീതവും 16-4-1986-ൽ നൽകുകയുണ്ടായി.

(സി, ഡി) കൂടുതൽ സഹായം ഇപ്പോഴും പരിഗണനയിലില്ല.

(ഇ) ഉണ്ട്.

(എഫ്) അന്വേഷണത്തിനു വിധേയമായി സബ് എഞ്ചിനീയർ ഓവർസിയർ, ലൈൻ അസിസ്റ്റന്റ് എന്നിവരെ സസ്പെൻറു ചെയ്തു. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും സ്ഥലം മാറ്റുകയും ഉണ്ടായി.

ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ്

610 [829] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ് ഗവൺമെൻറ് ഏറ്റെടുത്ത് സ്മാരകമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാമ്പത്തികമായ ബുദ്ധിമുട്ടുകളാൽ ഇപ്പോഴും ആലോചനയിലില്ല.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്നവരെ സഹായിക്കുവാൻ സംവിധാനം

611 [830] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം, വരൾച്ച തുടങ്ങിയവകൊണ്ട് കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുവാനുള്ള സ്ഥിരം സംവിധാനം അനുസരിച്ച് 1985-86 വർഷങ്ങളിൽ കൃഷിനാശം ഉണ്ടായ എത്ര കർഷകർക്ക് എത്ര രൂപയുടെ സഹായം നൽകി ;

(ബി) സഹായത്തിന്റെ സ്വഭാവം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1984-85 വർഷത്തിൽ 25000 കർഷകർക്കും 1985-86 വർഷത്തിൽ 23000 കർഷകർക്കുമായി യഥാക്രമം 49.69 ലക്ഷം രൂപയും 45.06 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുഖ്യമായും പണമായിട്ടാണ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി. ഒ. പി. 63/81 തീയതി 3-3-1981 പ്രകാരം ഓരോ വിളയ്ക്കും ഓരോ തോതിലാണ് സഹായം നൽകിയിട്ടുള്ളത്.

1985-86 ലെ വെള്ളപ്പൊക്കകാലത്ത് ഉണ്ടായ കൃഷി നാശത്തിനു കേന്ദ്രത്തിൽനിന്നും ലഭിച്ച ആശ്വാസം

612 [831] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ വെള്ളപ്പൊക്കംമൂലം ഉണ്ടായ കൃഷിനാശത്തിനാശ്വാസമായി കേന്ദ്രത്തിൽനിന്നും ഓരോ കൃഷിക്കും എത്ര രൂപവീതം ലഭിച്ചു ;

(ബി) നെൽകൃഷി നാശത്തിനു കേരളത്തിനാകെ ആശ്വാസമായി എന്തു തുകയാണ് 1985-86-ൽ കേന്ദ്രം അനുവദിച്ചത് ;

(സി) ഇതിൽ എന്തു തുക കൃഷിക്കാർക്ക് സഹായമായി നൽകി ;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) എന്തെല്ലാം ഇനങ്ങളിലാണ് നെൽകൃഷിക്കാർക്ക് സഹായം നൽകിയത് ; അതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ;

(എഫ്) ഈ മാനദണ്ഡം തിരുത്തി കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആകെ 5.99 കോടി രൂപ ലഭിച്ചു. ഓരോ വിളകൾക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല.

(ബി) നെൽകൃഷി നാശത്തിന് പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല.

(സി) നെൽകൃഷിക്കാർക്ക് മാത്രമായി 2.14 കോടി രൂപ.

(ഡി)

ജില്ല	നൽകിയ തുക (ലക്ഷം രൂപ)
തിരുവനന്തപുരം	1.52
കൊല്ലം	8.14
പത്തനംതിട്ട	6.04
കോട്ടയം	39.82
ആലപ്പുഴ	104.08
ഇടുക്കി	1.46
എറണാകുളം	15.23
തൃശ്ശൂർ	17.55
മലപ്പുറം	3.80
പാലക്കാട്	13.81
കോഴിക്കോട്	1.36
വയനാട്	0.69
കാസർഗോഡ്	0.68
ആകെ	214.18

LIBRARY ARCHIVES Kerala Legislative Assembly